(ബി) ഇല്ല. ഇതിനായാണ് 22-6-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) 2013-14 വർഷത്തിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 15 കോടി രൂപ വകയിരുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക വകയിരുത്തുകയുണ്ടായില്ല. 5-3-2014-ലെ മന്ത്രിസഭാ യോഗത്തിൽ 15 കോടിരൂപയിൽ 1.80 കോടി രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകുന്നതിനും ബാക്കി തുക നാളികേര ഉത്പാദക സൊസൈറ്റികൾക്ക് നൽകണ മെന്നും തീരുമാനിക്കുകയുണ്ടായി. എന്നാൽ 2013-14-ലെ ബഡ്ജറ്റിൽ നീര ഉത്പാദനത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ സൊസൈറ്റി കൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല.

2013-14 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽ നിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്ന് പൈലറ്റ് പ്രോജക്ടു് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15 വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുമുണ്ട്.

2015-16 ബഡ്ജറ്റിൽ, നീര ഉൾപ്പെടെയുള്ള മൂല്യ വർദ്ധന പദ്ധതികൾക്കായി 255 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ഗ്ലോബൽ അഗ്രോ മീറ്റ്

6 (*276) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തത് എന്നറിയിക്കുമോ ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. കേരളത്തെ ഹൈടെക് കൃഷിയുടെയും കാർഷിക വ്യവസായത്തിന്റെയും ആസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു ദ്വിദിന ആഗോള കാർഷിക സംഗമവും (ഗ്ലോബൽ അഗ്രോ മീറ്റ്) ബയോഫാക് 2014 എന്ന "ജൈവ ഉത്പന്നങ്ങളുടെ പ്രദർശന മേളയും" എറണാകുളം ജില്ലയിലെ അങ്കമാലിയിൽവച്ച് 2014 നവംബർ 6, 7 തീയതികളിലായി സംഘടിപ്പിക്കുകയുണ്ടായി.

(ബി) പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറാനും ഉത്പന്നങ്ങളുടെ സംസ്കരണത്തിൽ പുതിയ പ്രവണതകൾ തേടാനും കർഷകർക്ക് പ്രചോദനം നൽകുക, കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉത്പന്നങ്ങളുടെ മേന്മയും മൂല്യവും ലോകരാഷ്ട്രങ്ങളെ അറിയിച്ച് ആഗോള വിപണി കണ്ടെത്തുക, സംസ്ഥാന കാർഷിക മേഖലയിൽ നിക്ഷേപത്തിന് അവസരമൊരുക്കുക, യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ആഗോള കാർഷിക സംഗമംവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്.

(സി) ഗ്ലോബൽ അഗ്രോ മീറ്റിനോടനുബന്ധിച്ച് ഒൻപത് ടെക്നിക്കൽ സെഷനുകളിലൂടെയുള്ള ചർച്ചകളും ഒരു പാനൽ ചർച്ചയും സംഘടിപ്പിക്കുകയും താഴെപ്പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

1. കൃഷി അനുബന്ധ മേഖലകളിലെ മികച്ച കൃഷി/ ഉത്പാദന രീതികൾ
2. പ്ലാന്റേഷൻ ടൂറിസം
3. ഒരു കണിക ജലത്തിൽ നിന്നും കൂടുതൽ വിളവ്
4. ജൈവകൃഷിയിൽ മൃഗസംരക്ഷണ വകുപ്പിന്റെ പങ്ക്
5. ജൈവകൃഷിയിലൂടെ സുരക്ഷിത പഴം, പച്ചക്കറി ഉത്പാദനം

LIBRARY ARCHIVES Kerala Legislative Assembly

6. ശീതീകരണ ശൃംഖല, സംഭരണ കേന്ദ്രങ്ങൾ തുടങ്ങി വിളവെടുപ്പിന് ശേഷം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

7. ഉത്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങിൻ തൈകളുടെ ഉത്പാദനവും വിതരണവും

8. കുടുംബകൃഷി പ്രോത്സാഹനം

9. ജൈവകൃഷി നയം പ്രാവർത്തികമാക്കാൻ ഹരിത ധവള വിപ്ലവങ്ങളുടെ സമന്വയം

10. നീരയുടെയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ഉത്പാദനത്തിനുള്ള പ്രോത്സാഹനം

11. കാർഷിക പുരോഗതിയിൽ വിവര സാങ്കേതിക വിദ്യയുടെ പ്രാധാന്യം

(ഡി) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം നടപ്പിൽ വരുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലെയും പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കാർഷിക വികസന സമിതി കൂടുകയും ഓരോ നിയോജകമണ്ഡലത്തിലും മേൽപ്പറഞ്ഞവരെ ഉൾപ്പെടുത്തി എം.എൽ.എ.-മാർ പങ്കെടുക്കുന്ന ആലോചനാ യോഗങ്ങൾ നടത്തുകയും 90% നിയോജകമണ്ഡലത്തിനും അനുയോജ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ജൈവകൃഷി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് കേന്ദ്ര പദ്ധതിയിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് (പരമ്പരാഗത കൃഷി വികാസ് യോജന) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകം കേരളത്തിൽ നിരോധിച്ചിട്ടുള്ള കീടനാശിനികൾ കർഷകർ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇന്ന് വിപണിയിൽ ലഭ്യമായിട്ടുള്ള പഴം പച്ചക്കറികളിലെ വിഷാംശത്തിലെ തോത് പരിശോധിച്ച് ആവശ്യം വേണ്ട നടപടികൾ സ്വീകരിക്കുവാൻ കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഹൈടെക് കൃഷി രീതിയിൽ സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി യോജിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആധുനിക കൃഷിരീതികളെ സംബന്ധിച്ച പരിശീലനങ്ങൾ കർഷകർക്കും കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും നൽകുന്നതിന് നടപടികൾ സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly